ഖുത്ബ നമ്പർ
**17**
27-04-2012

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# മസ്ജിദുകളുടെ സൗന്ദര്യം വർദ്ധിപ്പിക്കാനുള്ള മാർഗം
# യൂറോപ്പിൽ മസ്ജിദ് നിർമ്മാണത്തിലുള്ള കുതിപ്പ്

وَاِذْ يَرْفَعُ اِبْرٰهٖمُ الْقَوَاعِدَ مِنَ الْبَيْتِ وَاِسْمٰعِيْلُ ؕ رَبَّنَا تَقَبَّلْ مِنَّا ؕ اِنَّكَ اَنْتَ
السَّمِيْعُ الْعَلِيْمُ ﴿۱۲۸﴾ رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَآ اُمَّةً مُّسْلِمَةً لَّكَ ۠
وَاَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا ۚ اِنَّكَ اَنْتَ التَّوَّابُ الرَّحِيْمُ ﴿۱۲۹﴾ رَبَّنَا وَابْعَثْ فِيْهِمْ
رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِكَ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ
وَيُزَكِّيْهِمْ ؕ اِنَّكَ اَنْتَ الْعَزِيْزُ الْحَكِيْمُ ﴿۱۳۰﴾

ഓർമിക്കുക. ഇബ്റാഹീമും ഇസ്മാഈലും ആ പ്രത്യേക മന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർഥിച്ചു); ഞങ്ങളുടെ നാഥാ ഞങ്ങളിൽ നിന്നു (ഈ സേവനത്തെ) സ്വീകരിക്കേണമേ. നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലൊ.

ഞങ്ങളുടെ നാഥാ. നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ. ഞങ്ങളുടെ നേരെ തൗബ സ്വീകരിച്ചുകൊണ്ട് കാരുണ്യത്തോടെ തിരിയേണമേ. നിശ്ചയമായും വളരെയധികം തൗബ സ്വീകരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ.

ഞങ്ങളുടെ നാഥാ. അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽ നിന്നും എഴുന്നേൽപ്പിക്കേണമേ. തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെയാകുന്നു. (2:128 - 130)

ഈ ആയത്തുകളിൽ വിനയത്തിന്റെയും ത്യാഗത്തിന്റെയും ആത്മാർഥതയുടെയും മാതൃകയും പ്രാർഥനയുമാണ് പഠിപ്പിക്കുന്നത്. അതേപോലെ തന്റെ വരും തലമുറ അല്ലാഹുവുമായി ബന്ധപ്പെട്ട് നിൽക്കണം എന്ന അഭിലാഷവും, ജനങ്ങളെ അല്ലാഹുവിലേക്ക് കൊണ്ടുപോകാനുള്ള മാർഗരേഖയും, അല്ലാഹുവിന്റെ ദാസരായിത്തീരാനുള്ള അഭിവാഞ്ജയും ഇതിൽ ഉൾപ്പെടുന്നു.

ആദ്യ ആയത്തിൽ ഹദ്റത്ത് ഇബ്റാഹീം (അ) ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവർ ചെയ്ത അതിമഹത്തായ ത്യാഗത്തെയാണ് സ്മരിക്കുന്നത്. കഅ്ബ മന്ദിരത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടിരുന്ന ഓരോ ഇഷ്ടികയും തന്നെ പറഞ്ഞിരുന്നത് ഈ ഗേഹത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ പിതാവിനെയും മകനെയും അതിനു ശേഷമുണ്ടാകുന്ന മക്കളെയും ഈ മരുപ്രദേശത്ത് എന്നെന്നേക്കുമായി താമസിപ്പിക്കും എന്നാണ്. മകനോട് പറയുന്നത് ഈ മരുപ്രദേശത്ത്, ഈ വീടിന്റെ മനോഹാരിത നിലനിർത്തുന്നതിന്നായി നീ ഇനി ഇവിടെത്തന്നെ വസിക്കണം എന്നാണ്. അല്ലാഹുവിന്റെ വരിഷ്ഠദാസരായ ഇരുവർക്കുംതന്നെ ഒരു കാലത്ത് ലോകജനങ്ങളുടെ കേന്ദ്രം ഇതായിത്തീരുമെന്ന ദൈവവാഗ്ദാനത്തിൽ അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. എന്നാൽ ഇതെല്ലാം എന്നാണ് സംഭവിക്കുക എന്നത് ആർക്കറിയാം. ആ സമയത്ത് വെറും ത്യാഗം ഒന്ന് മാത്രമാണ് കണ്ടിരുന്നത്. എന്നിട്ടും വളരെ വിനീതരായിക്കൊണ്ട് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കുന്നത് നോക്കുക. അല്ലാഹുവെ നിനക്കുവേണ്ടിയുള്ള ഈ പ്രവർത്തികൾ ഞങ്ങൾ ചെയ്യുന്നത് നിന്റെ ഫള്ൽ ഒന്നുകൊണ്ട് മാത്രമാണ്. അതുകൊണ്ട് ഞങ്ങളുടെ ഈ ത്യാഗത്തെ നീ സ്വീകരിച്ചാലും. ഞങ്ങൾ ചെയ്തിരിക്കുന്ന ഈ പ്രവർത്തനത്തിൽ ഒരുവിധ വലിപ്പത്തരവും ഞങ്ങൾ പ്രകടിപ്പിക്കുന്നില്ല. ഇതിനുള്ള പ്രതിഫലത്തിനുള്ള അവകാശം ഞങ്ങൾക്കില്ല. ദുആ കേൾക്കുന്ന അല്ലാഹുവേ! നീ ഞങ്ങളുടെ ദുആകൾ കേട്ടാലും. ഞങ്ങളുടെ കൈവശം എന്തൊന്നുണ്ടായിരുന്നുവോ അതെല്ലാം ഞങ്ങൾ ചെലവു ചെയ്തു. ഇനിയും ഞങ്ങൾ കഴിയുന്ന ത്യാഗങ്ങൾ ചെയ്യുന്നതാണെന്ന് വാക്ക് തരുന്നു. ഞങ്ങളുടെ സന്താനങ്ങളും ഈ ത്യാഗത്തിൽ പങ്കാളികളാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ ഒരു ദുആയാണ് ഇരുവരും ചെയ്തിരുന്നത്.

തുടർന്ന് അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു. ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിന്റെ യഥാർഥ അവസ്ഥ നിന്റെ സമക്ഷം സമർപ്പിക്കുകയുണ്ടായി. നീ എല്ലാം അറിയുന്നവനാണ്. ഞങ്ങൾ ചെയ്യുന്നതെല്ലാം,ഞങ്ങൾ പറയുന്നതെല്ലാം നീ അറിയുന്നു. ഞങ്ങൾ ചെയ്യുന്നതെല്ലാം നിന്റെ പ്രീതിക്കുവേണ്ടിയാണ്. നീ ഞങ്ങളുടെ ഈ ത്യാഗത്തെ സ്വീകരിച്ചുകൊണ്ട് ഇതിനെ നിന്റെ ഭവനമാക്കി മാറ്റേണമേ. നിന്റെ ഭവനം ഇവിടെ ഉള്ളതുകൊണ്ട് ഈ മരുപ്രദേശം ജനനിബിഢമായിത്തീരട്ടെ. ഞങ്ങൾ നിന്റെ കൽപന കേട്ട് ഞങ്ങൾക്ക് മനസ്സിലായതനുസരിച്ച് നിന്റെ ഭവനം നിർമ്മിച്ചു. ഇത് ജനവാസകേന്ദ്രമായിത്തീരാനാണ് ഞങ്ങളിത് ചെയ്തത്. എന്നാൽ ഇതിന്റെ യഥാർഥ ജനവാസം നിന്റെ ഫള്ലുമായി ബന്ധപ്പെട്ടതാണ്. ഈ ഗേഹത്തെ ബാഹ്യമായ നിലയിൽ ജനവാസമുള്ളതാക്കിത്തീർക്കുന്നവർക്കും നീ നിന്നിലേക്ക് എത്തിച്ചേരാൻ കഴിയുന്ന ഉൾക്കാഴ്ച നൽകേണമേ. ആത്മീയതയിൽ അവരെ വളർത്തുന്നതാക്കേണമേ.

ചുരുക്കത്തിൽ മുസ്ലിംങ്ങളുടെ മസ്ജിദുകൾ ഈ ഒരു ആത്മാവോടുകൂടിയാണ് നിർമ്മിക്കപ്പെടുന്നത്.അങ്ങനെയാണ് ആകേണ്ടത്. അതല്ലാതെയുള്ള മനോഹര കെട്ടിടങ്ങൾ ഒന്നു സ്ഥാനവുമില്ല. മനോ

ഹരമായ മസ്ജിദുകൾ നിർമ്മിക്കപ്പെടാറുണ്ട്. എന്നാൽ അതിൽ ഈ ആത്മാവ് കാണില്ല. മസ്ജിദ് നിർമ്മാണത്തിന്റെ അടിസ്ഥാന ലക്ഷ്യം അതിൽ കാണില്ല.

തിരുനബി(സ) പറയുകയുണ്ടായി. മസ്ജിദുകളിൽ കൊത്തുപണികൾ പാടില്ല. മറ്റു മതസ്ഥർ അവരുടെ ആരാധനാലയങ്ങളിൽ കൊത്തുപണികൾ ചെയ്യാറുണ്ട്. എന്നാൽ രാജാക്കന്മാരും സമ്പന്നരും നിർമ്മിച്ച പല പള്ളികളിലും കൊത്തുപണികൾ നമുക്ക് കാണാൻ സാധിക്കുന്നു. ചില മസ്ജിദുകളിൽ രാജാക്കന്മാർ സ്വർണ്ണം വരെ പൂശുകയുണ്ടായി. സ്വർണ്ണം പൂശുകയോ അതിലെ കൊത്തുപണികളോ അല്ല അതിന്റെ സൗന്ദര്യം.

മസ്ജിദുകളുടെ സൗന്ദര്യം അതിനെ ജനസാന്ദ്രമാക്കുന്നതിലാണുള്ളത്. അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിമാത്രമുള്ള ജനങ്ങൾ അതിൽ നിറയണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് വിവരിക്കുന്നു. ഞാൻ ഒരിക്കൽ അറബിനാട്ടിൽ പോയിരുന്നു. (മിസ്റിനെക്കുറിച്ചാണ് പറയുന്നത് എന്ന് തോന്നുന്നു.) അവിടെയുള്ള മനോഹരമായ ഒരു വലിയ മസ്ജിദിൽ പോയപ്പോൾ നമസ്ക്കരിക്കുന്ന നാലഞ്ച് ആളുകൾ ഒരു മൂലയിൽ പോയി നമസ്ക്കരിക്കുന്നതായി കണ്ടു. ഇതെന്താണെന്ന് അവരോട് ചോദിച്ചപ്പോൾ അവിടത്തെ ഇമാം പറഞ്ഞു; ജനങ്ങൾ നമസ്ക്കാരത്തിനായി വരാറില്ല. നാണംകൊണ്ടാണ് മിഅ്റാബിൽ നിന്ന് നമസ്ക്കരിക്കാത്തത്. ഇത്ര വലിയ മനോഹരമായ പള്ളിയിൽ നാലഞ്ച് പേരെ കണ്ട് വരുന്ന ആളുകൾ എന്ത് ധരിക്കും എന്ന് കരുതിയാണ് അത് ചെയ്യാത്തത്. അതുകൊണ്ട് ഈ മൂലയിൽ വന്ന് ഞങ്ങൾ നമസ്ക്കരിക്കും. ആരെങ്കിലും വന്നാൽ ശരിക്കുള്ള നമസ്ക്കാരം കഴിഞ്ഞെന്നും ഇത് പിന്നീട് വന്നവരാണ് നമസ്ക്കരിക്കുന്നതെന്നും മനസ്സിലാക്കിക്കൊള്ളും. എന്നാൽ മറ്റൊരു അവസ്ഥയും ഉണ്ട്. മസ്ജിദിൽ ജനങ്ങൾ നല്ലതുപോലെ പോകുന്നുണ്ടെങ്കിലും പള്ളി നിറയുന്നുണ്ടെങ്കിലും മസ്ജിദിൽ പോകുന്ന ഒരാൾക്കുണ്ടാകേണ്ട ആത്മചൈതന്യം അവരിൽ ഉണ്ടാകുകയില്ല. ഭൗതിക ചിന്ത അവരെ എപ്പോഴും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കും. അല്ലാഹുവിലേക്ക് പൂർണ്ണമായും അവർ തിരിയുന്നില്ല.

അതുകൊണ്ട് നാം മസ്ജിദ് നിർമ്മിക്കുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടേണ്ടതാണ്. അവന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറണം. മസ്ജിദ് നിർമ്മിക്കുന്നിന്നായി നാം സമർപ്പിച്ച ത്യാഗത്തിന് അല്ലാഹുവിനോട് നന്ദിയുള്ളവരായിത്തീരുക. അതിൽ ഒരിക്കലും അഹങ്കരിക്കാൻ പാടില്ല. കാരണം നാം ചെയ്യുന്ന ഈ ത്യാഗങ്ങൾ ഹദ്റത്ത് ഇസ്മാഈൽ (അ) ചെയ്ത ത്യാഗത്തിന്റെ ലക്ഷത്തിൽ ഒരംശം പോലുമില്ല.

നാം ധനത്യാഗമാണ് പൊതുവിൽ ചെയ്യാറുള്ളത്. അതും നമ്മുടെ കഴിവനുസരിച്ച്. ഇന്നത്തെ ഈ ലോകത്ത് ഇതും വലിയ ത്യാഗം തന്നെയാണ്. നല്ല ഉദ്ദേശത്തിന്നായ ധനത്യാഗം വലിയ കാര്യം തന്നെയാണ്. നമ്മുടെ ആഗ്രഹങ്ങളെല്ലാം മാറ്റിവെച്ചുകൊണ്ടാണ് ഈ ധനത്യാഗം ചെയ്യുന്നത്. പള്ളി നിർമ്മാണം എന്നത് തികച്ചും ശ്ലാഘനീയം തന്നെ. തിരുനബി(സ) ഇക്കാര്യത്തിലേക്കാണ് പലപ്പോഴായി ശ്രദ്ധ ക്ഷണിച്ചുവിട്ടുണ്ട്. അല്ലാഹുവിന്റെ പക്കൽ ഇങ്ങനെയുള്ളവർ പ്രതിഫലം കരസ്ഥമാക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാശ്ചാത്യ നാടുകളിലെ ജമാഅത്തിൽ ഇക്കാര്യത്തിലേക്ക് വളരെയധികം ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. മസ്ജിദുകൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തങ്ങളുടെ ആഗ്രഹങ്ങൾ ചിലർ പൂർണ്ണമായും മാറ്റിത്തിരുത്തിയിരിക്കുന്നു. മിച്ചം വരുന്ന തുകയല്ല അവർ ചെലവു ചെയ്യുന്നത്. തങ്ങളെ പ്രയാസത്തിൽ സ്വയം അകപ്പെടുത്തി വരെ ത്യാഗം ചെയ്യുന്നു. എന്നിരുന്നാലും ഇക്കാര്യത്തിൽ അഹങ്കരിക്കരുതെന്ന കാര്യം നാം ഓർക്കേണ്ടതാണ്.

ഈ മസ്ജിദിന്റെ നിർമ്മാണത്തിൽ ഏകദേശം 12 ലക്ഷം പൗണ്ട് ചെലവായിട്ടുണ്ട്. 1.2 മില്ല്യൺ പൗണ്ട്. ഇവിടെയുള്ള ജമാഅത്താണ് ഇത്രയും വാഗ്ദാനം ചെയ്തത്. 75 ശതമാനം വരെ അടച്ചുതീർക്കുകയും ചെയ്തു കഴിഞ്ഞു. 80000, 75000 പൗണ്ട് വരെ നൽകിയവരുണ്ട്. ചിലർ വലിയ ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്.15000, 20000, 30000 പൗണ്ട് നൽകിയവരും ഉണ്ട്.

പതിനൊന്ന് ആളുകളുടെ വാഗ്ദാനം ഞാൻ നോക്കിയപ്പോൾ അതു തന്നെ മൂന്ന് ലക്ഷത്തിന് മുകളിൽ പോകും. ഇക്കാലത്തെ പ്രതികൂലസാഹചര്യത്തിൽ ജമാഅത്തിനുവേണ്ടി ചെയ്യുന്ന ഈ ത്യാഗം തികച്ചും ഭാരിച്ചതുതന്നെ. എന്നിരുന്നാലും എല്ലാ ത്യാഗങ്ങളും നമ്മെ വിനയാന്വിതരാക്കണം. ഇതെല്ലാം ഉണ്ടായിരിക്കെ അല്ലാഹു നമ്മുടെ മുമ്പാകെ വിവരിച്ച ഉദാഹരണം വെച്ചു നോക്കുമ്പോൾ നമ്മുടെ ത്യാഗങ്ങൾ തുച്ഛമാണെന്നാണ്. ഈ ത്യാഗങ്ങൾക്ക് ഫലമുണ്ടാകണമെങ്കിൽ മസ്ജിദുകളെ ജനവാസമുള്ളതാക്കി മാറ്റണം.

മക്ക ജനവാസമില്ലാത്ത മരുപ്രദേശമായിരുന്നു. അവിടെയാണ് അല്ലാഹുവിന്റെ വീട് നിർമ്മിക്കപ്പെട്ടത്. ഈ യൂറോപ്യൻ നാടുകൾ ആത്മീയമായി നോക്കുകയാണെങ്കിൽ തരിശുഭൂമിയാണ്. ഇവിടെയും ജനനിബിഢമാക്കുകയും ഹരിതാഭമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്. ഈ ലക്ഷ്യത്തിനുവേണ്ടിയാണ് യൂറോപ്പിൽ നാം മസ്ജിദ് നിർമ്മിക്കുന്നത്.

അതുകൊണ്ട് ഈ ഒരു മഹൽപ്രവർത്തി എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ജുമുആക്ക് വേണ്ടി മാത്രം മസ്ജിദ് നിറച്ചാൽ കാര്യമായില്ല. മറ്റു നമസ്ക്കാരത്തിന്റെ ഹാജർ നിലയും വർദ്ധിക്കണം.

ഇന്ന് നാം ഈ മസ്ജിദിന്റെ ഉദ്ഘാടനം നടത്തുകയാണ്. അതുകൊണ്ട് رَبَّنَا تَقَبَّلْ مِنَّا ۖ إِنَّكَ أَنتَ السَّمِيعُ الْعَلِيمُ എന്ന് പ്രാർത്ഥിക്കുക. നമ്മുടെ ധനത്യാഗം സ്വീകാര്യമാകുന്നത് അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുമ്പോഴാണ്. അല്ലാഹുവേ! നീ ഇത് സ്വീകരിച്ചുകൊണ്ട് ഞങ്ങൾക്ക് ആത്മീയ അഭിവൃദ്ധി നൽകേണമേ. ഈ മസ്ജിദിനെ നിറക്കുവാൻ തൗഫീഖും നൽകേണമേ. കാരണം ഈ മസ്ജിദ് നിർമ്മിക്കപ്പെടുന്നത് നിന്നെ മാത്രം ആരാധിക്കാനാണെന്ന വസ്തുത നീ അറിയുന്നു. ആത്മീയതയിൽ അഭിവൃദ്ധി കൈവരിക്കുന്നവരെ ഈ പ്രദേശത്ത് നീ നിറക്കുകയും ചെയ്യേണമേ. നിന്റെ സ്മരണയാൽ നിറക്കുന്നതിനായാണ് ഈ മസ്ജിദ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഞങ്ങളുടെ ത്യാഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഞങ്ങളെ നിന്റെ സാമീപ്യം കരസ്ഥമാക്കുന്ന ആത്മീയ സ്ഥാനത്തെത്തിക്കേണമേ. നിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് നിന്റെ സ്വർഗത്തിന്റെ അവകാശികളായി ഞങ്ങൾ മാറട്ടെ.

ഹദീസിൽ വരുന്നു. മുസ്നദ് അഹ്മദിബ്നു ഹമ്പലിൽ വന്ന ഹദീസാണ്. തിരുനബി (സ) അരുളി. ഖിയാമത്ത് ദിവസം **റബ്ബെ അസ്സവജൽ** പറയും. അനുഗ്രഹീതർ ആരായിരിക്കും എന്ന് അപ്പോൾ ജനങ്ങൾ ഉടനെ അറിയും. ജനങ്ങൾ ചോദിച്ചു. **യാറസൂലുല്ലാഹ്** അനുഗ്രഹീതർ ആരാണ്. മസ്ജിദുകളിൽ ദിക്റിന്റെ മജ്‌ലിസുകൾ സംഘടിപ്പിക്കുന്നവർ.

ബുഖാരിയിൽ നിന്നുള്ള ഒരു ഹദീസ് ഹദ്റത്ത് അബൂഹുറൈറ (റ) വിവരിക്കുന്നു. നബി (സ) അരുളി. രാവിലെയും വൈകുന്നേ

രവും മസ്ജിദിൽ പോകുന്നവർക്കായി സ്വർഗത്തിൽ അല്ലാഹു അതിഥിസൽക്കാരത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുവെക്കുന്നതാണ്.

അതുകൊണ്ട് നമ്മുടെ മസ്ജിദുകൾ ഭക്തിയുടെയും അനുഗ്രഹത്തിന്റെയും നിലവാരം കരസ്ഥമാക്കുന്നതായി മാറണം. അല്ലാഹുവിന്റെ പക്കൽ ഈ മസ്ജിദും അതിൽ വരുന്നവരും അല്ലാഹുവിന്റെ പ്രിയരായി മാറട്ടെ. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറട്ടെ. സ്വർഗത്തിൽ അല്ലാഹുവിന്റെ അതിഥി സൽക്കാരത്തിൽ ഉൾപ്പെടുന്നവരായിത്തീരട്ടെ.

ഈ ലക്ഷ്യത്തോടെ മസ്ജിദുകൾ നിർവ്വഹിക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർ ആ ലോകത്തെ സ്വർഗത്തിന്റെ മാത്രം അവകാശികളല്ല ആവുക. ഈ ലോകത്തെ സ്വർഗത്തിന്റെ അവകാശികളുമായി മാറുന്നു.

നമ്മുടെ പല പള്ളികളിലും أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ എന്ന് എഴുതാറുണ്ട്. (ഈ പള്ളിയിലും എഴുതിവെച്ചിട്ടുണ്ട്.) അറിയുക, അല്ലാഹുവിന്റെ സ്മരണയിലാണ് മനഃശാന്തി കൈവരിക എന്നതാണ് അതിന്റെ അർഥം.

ചുരുക്കത്തിൽ ആരുടെ ഹൃദയമാണോ സംതൃപ്തമായിത്തീരുന്നത് അവർക്ക് ഇതിനെക്കാളും വലിയ ജന്നത്ത് ഏതാണ് ലഭിക്കുക. ഇക്കാലത്ത് ലോകം അസ്വസ്തജനകമാണ്. ദൈവത്തെ മറന്നതുകൊണ്ടാണ് ഈ അസ്വസ്തത. അല്ലാഹുവിനെ ഓർക്കുന്നവരും അവന്റെ സ്മരണ തന്റെ നാവിൽ ഉരുവിട്ടുകൊണ്ടിരിക്കുന്നവരും പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും അല്ലാഹുവിന്ന് വേണ്ടി സഹിക്കുന്നു. അവയെ അല്ലാഹുവിന്റെ പ്രീതിക്കുള്ള മാർഗമായിക്കരുതി തങ്ങളുടെ മനസ്സിനെ സംതൃപ്തിയിലാക്കുന്നു.

ലോകത്ത് നൂറുക്കണക്കിന് ആത്മഹത്യകൾ നിത്യേന നടക്കുന്നു. കാരണം ഭൗതികമായ ദുഃഖങ്ങൾ താങ്ങാൻ അവർക്ക് കഴിയുന്നില്ല. ചിലർക്ക് ഭൗതികമായ മനഃപ്രയാസങ്ങൾ വലിയ ആഘാതം തന്നെ ഏൽപിക്കുന്നു. അങ്ങനെ അവർക്ക് ഹൃദയസ്തംഭനംവരെ വരുന്നു. കഴിഞ്ഞ ദിവസം പാക്കിസ്ഥാനിൽ നിന്ന് ആരോ എനിക്ക് കത്തെഴുതി. അവിടെ ശക്തമായ കൊടുങ്കാറ്റും ആലിപ്പഴം വീഴ്ചയുമെല്ലാം നടന്നു. അതുകാരണം കൃഷിക്ക് ഭീമമായ നഷ്ടം സംഭവിച്ചു. ഒരു കർഷകൻ തന്റെ കൃഷിയിടത്തിൽ പോയി. തണ്ണിമത്തന്റെ കൃഷിയായിരുന്നു. അവയെല്ലാം പൂർണ്ണമായും നശിച്ചുകഴിഞ്ഞിരുന്നു. ഇത് അയാളെ വളരെ ആഘാതമേൽപ്പിക്കുകയും അത് കണ്ടപ്പോൾ തന്നെ ഹാർട്ട് അറ്റാക്ക് വന്ന് മരിക്കുകയും ചെയ്തു.

ഇങ്ങനെയുള്ള ഭൗതിക ദുഃഖങ്ങൾ അല്ലാഹുവിന്റെ ആളുകളെ ഒന്നും ചെയ്യില്ല. അവർ ഓരോ പ്രയാസങ്ങൾ വരുമ്പോഴും അല്ലാഹുവുമായി കൂടുതൽ അടുക്കുന്നു. വിശ്വാസി പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ സവിധത്തിൽ വന്ന് എപ്പോഴും മനഃശാന്തി കൈവരിക്കുകയാണ് ചെയ്യുന്നത്.

സൂറ റഹ്മാനിൽ അല്ലാഹു പറയുന്നു. وَلِمَنْ خَافَ مَقَامَ رَبِّهِ جَنَّتَانِ

ആരാണോ തന്റെ നാഥന്റെ സ്ഥാനത്തെ ഓർത്ത് ഭയപ്പെടുന്നത് അവർക്ക് രണ്ട് സ്വർഗങ്ങളുണ്ട്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ആരാധന അവനെ ഭയന്നുകൊണ്ട് ചെയ്യുന്നവർ മനഃശാന്തി കൈവരിച്ചുകൊണ്ട് ഈ ലോകത്തും സ്വർഗത്തിന്റെ അവകാശികളായി മാറുന്നു. ഈ ലോകത്തെ സ്വർഗം ഒരു വ്യക്തിയെ റഹ്മാന്റെ ദാസനാക്കി മാറ്റിയതുകാരണം അവനെ അടുത്ത ലോകത്തിലെ സ്വർഗത്തിന്റെ അവകാശിയാക്കി മാറ്റുന്നു.

ഞാൻ ഓതിയ അടുത്ത ആയത്തിൽ ഹദ്റത്ത് ഇബ്റാഹിം (അ) ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവർ ഇപ്രകാരം പ്രാർഥിക്കുന്നു. رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ ഞങ്ങളുടെ നാഥാ! ഞങ്ങൾ രണ്ടുപേരെയും സന്മാർഗികളാക്കേണമേ. ഇവിടെ വളരെയധികം വിനയാന്വിതരാകുന്ന രംഗമാണ് നമുക്ക് കാണാൻ കഴിയുന്നത്. എല്ലാ ത്യാഗങ്ങളും ചെയ്തതിനുശേഷവും അല്ലാഹുവിന്റെ വരിഷ്ഠദാസരായിരുന്നിട്ടും അവർ ചെയ്യുന്ന ദുആ അല്ലാഹുവെ നീ ഞങ്ങളെ സജ്ജനങ്ങളിൽ ഉൾപ്പെടുത്തേണമേ എന്നാണ്.

ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ ഭാര്യയെയും മകനെയും ആരോരുമില്ലാത്ത മരുഭൂമിയിൽ അല്ലാഹുവിന്റെ കൽപന നടപ്പിൽ വരുത്താനായി ഉപേക്ഷിച്ചതിനുശേഷവും ദുആ ചെയ്യുന്നത് നിന്നെ അനുസരിക്കുന്നവനാക്കി എന്നെ മാറ്റേണമേ എന്നാണ്. സർവ്വതും ദൈവത്തിനായി നൽകി. മകനെയും ഭാര്യയേയും നൽകി. എന്നിട്ടും പറയുന്നത് പൂർണ്ണമായും നിന്നെ അനുസരിക്കുന്നവരിൽ എന്നെ ഉൾപ്പെടുത്തേണമേ എന്ന്. അല്ലാഹുവിന്റെ പ്രീതിക്കായി മകനെ മരുഭൂമിയിൽ ഉപേക്ഷിക്കുന്നു. എന്നിട്ടും പറയുന്നത് എല്ലാ കൽപ്പനകളും അംഗീകരിക്കുന്നവരും അനുസരിക്കുന്നവരും സ്വാത്തികരുമാക്കി ഞങ്ങളെ മാറ്റേണമേ എന്നാണ്.

ഈ ഒരു സ്ഥാനമാണ് ഒരു വിശ്വാസി കരസ്ഥമാക്കേണ്ടത്. തന്റെ നന്മയിൽ ഒരിക്കലും അഹങ്കാരം പാടില്ല. അതിനെ ആശ്രയിക്കാനും പാടില്ല. തന്റെ ത്യാഗങ്ങളെ പൊക്കിപ്പിടിക്കരുത്. അല്ലാഹുവിന്റെ മുമ്പിൽ അവനെ ഭയന്നുകൊണ്ട് ഇപ്രകാരം അപേക്ഷിക്കുക: അല്ലാഹുവേ! ഞങ്ങളുടെ പ്രവർത്തികൾ ഒന്നുമല്ല. നിന്റെ ഫള്ൽ ഉണ്ടായാൽ ഞങ്ങൾക്ക് നല്ലവരാകാൻ കഴിയും, നിന്റെ ഫള്ൽ കൊണ്ടെ അബ്ദെ റഹ്മാനായിത്തീരുകയുള്ളൂ. അതുകൊണ്ട് ഞങ്ങളുടെ വിനീതമായ ഒരപേക്ഷയിതാ. ഞങ്ങളെ നന്മയിൽ ഉറപ്പിച്ചുനിർത്തേണമേ. എപ്പോഴും നിന്നോട് കൂറ് പുലർത്തുന്നവനാക്കേണമേ. നിന്റെ പ്രീതിയിൽ ചരിക്കുന്നവരാക്കി മാറ്റേണമേ. ഈ ഒരു മഹത്തായ ലക്ഷ്യത്തിനുവേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഞങ്ങൾക്ക് വേണ്ടി മാത്രമല്ല ഞങ്ങൾ ദുആ ചെയ്യുന്നത്, ഞങ്ങളുടെ മക്കൾക്ക് വേണ്ടിയും ഞങ്ങൾ ദുആ ഇരക്കുന്നു.

وَمِنْ ذُرِّيَّتِنَا أُمَّةً مُسْلِمَةً لَكَ മക്കളിൽ നിന്നും അനുസരണമുള്ളവരും നിന്റെ കൽപ്പനകൾ നടപ്പിൽ വരുത്തുന്നവരുമായ ഒരു സമൂഹത്തെ ഉണ്ടാക്കേണമേ.

അല്ലാഹുവിന്റെ വീട് ഉണ്ടാക്കിയതിനുശേഷം തന്റെ ജീവിത കാലയളവിൽ മാത്രമല്ല അതിനെക്കുറിച്ച് ചിന്തിക്കുന്നത്. പറയുന്നു. ഇതിനെ ജനവാസമുള്ളതാക്കിവെക്കുന്നതിനും ആത്മീയമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനും നിന്നെ പരിപൂർണ്ണമായും പിൻപറ്റുന്നതിനായും ഞങ്ങളുടെ സന്താനങ്ങളിൽ നിന്നും ആളുകളെ ഉണ്ടാക്കേണമേ. ഒരു വിശ്വാസിയുടെ ദുആ ഇതായിത്തീരേണ്ടതാണ്.

ഇതിൽ നമുക്കുള്ള പാഠം ഇതാണ്. മസ്ജിദിനോട് നമുക്ക് ഒഴിവുള്ളപ്പോഴുള്ള ബന്ധം മാത്രം പോരാ. തിരക്കിനിടയിലും സമയം മാറ്റിവെച്ച് ഇവിടേക്ക് വരേണ്ടതാണ്. അതേപോലെ നമ്മുടെ സന്താനങ്ങൾക്കും ഈ ബന്ധം ഉണ്ടായിത്തീരാനായി നാം പരിശ്രമിക്കേണ്ടതാണ്.

നമ്മുടെ പിൻതലമുറയിലെ യുവാക്കളിലും കുട്ടികളിലും ഇബാദത്തിന്റെ ആവേശം ഉണ്ടായിത്തീരണം. അതിന്നായി പ്രയത്നിക്കേണ്ടതോടൊപ്പം ഒരു വലിയ മാർഗം ദുആ കൂടിയാണ്. ഹൃദയാവസ്ഥ

അറിയുന്ന അല്ലാഹു കേൾക്കുന്നവനാണ്. സദുദ്ദേശ്യത്തോടെയുള്ള ദുആകൾ അവൻ കേൾക്കുന്നു. അതുകൊണ്ട് ഇപ്രകാരം ദുആ ചെയ്യുക. ഇബാദത്തിനോടുള്ള താൽപര്യവും അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്താനുള്ള താൽപര്യവും ഒരു തലമുറക്ക് ശേഷം അടുത്ത തലമുറയിലും  വ്യാപിച്ചുകൊണ്ടേ പോകട്ടെ. ഇബാദത്തുകളിലും അല്ലാഹുവിന്റെ കൽപനകൾ നടപ്പിൽ വരുത്തുന്നതിലും അലസരാണെങ്കിൽ പിൻതലമുറയിലും ഈ അലസത പ്രകടമായിരിക്കും.

ചുരുക്കത്തിൽ ഓരോ മസ്ജിദിന്റെയും നിർമ്മാണത്തോടൊപ്പം നമ്മുടെ കർമ്മങ്ങളെ വിലയിരുത്തുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം നമ്മുടെ മക്കളെ തർബിയ്യത്ത് ചെയ്യാനും ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് ഇബ്റാഹീം (അ) ഹദ്റത്ത് ഇസ്മാഈൽ (അ) എന്നിവരുടെ وَاَرِنَا مَنَاسِكَنَا എന്ന പ്രാർഥന നമ്മെ നമ്മുടെ തർബിയ്യത്തിലേക്കും ഇബാദത്തിലേക്കും ശ്രദ്ധ തിരിക്കുന്നു. അതോടൊപ്പം നമ്മുടെ സന്താനങ്ങളിൽ ഉന്നത ശിക്ഷണമൂല്യങ്ങൾ നിലനിർത്തുന്നതിലേക്കും ശ്രദ്ധ തിരിക്കുന്നു. **മനാസികനാ** എന്നതിന്റെ അർഥം ആരാധന, അല്ലാഹുവിന്റെ മുമ്പിൽ നമുക്ക് ചെയ്യാൻ കടപ്പെട്ടിരിക്കുന്ന കടമകൾ എന്നൊക്കെയാണ്. ഇബാദത്തിനോടൊപ്പം അല്ലാഹുവിനോടുള്ള സർവ്വ കടമകളും നിറവേറ്റാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഈ ആരാധനക്കും കടമപാലനത്തിനും ശേഷവും താൻ കുറേയൊക്കെ ചെയ്തല്ലോ എന്ന അഹന്ത ആർക്കും പാടില്ല.

തുടർന്ന് ദുആ ചെയ്യുന്നു. وَتُبْ عَلَيْنَا ഞങ്ങളുടെ തൗബ നീ സ്വീകരിക്കേണമേ. ഞങ്ങളിലേക്ക് നീ തിരിയേണമേ. ഞങ്ങളിൽ നിന്ന് അല്ലറ ചില്ലറ തെറ്റുകുറ്റങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ തന്നെ ഞങ്ങൾക്ക് മാപ്പാക്കേണമേ. നീ നിശ്ചയമായും തൗബ സ്വീകരിക്കുന്നവനും കരുണ ചൊരിയുന്നവനുമാണ്.

തുടർച്ചയായി നാം ഈ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ മസ്ജിദിന്റെ നിർമ്മാണോദ്ദേശ്യം പൂർത്തിയാകുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായുള്ള പരിശ്രമം വേണ്ടും വിധം ചെയ്യാനും സാധിക്കുന്നതാണ്. തങ്ങളുടെ മക്കളെയും ഈ മാർഗത്തിൽ വഴിനടത്താൻ നമുക്ക് സാധിക്കുന്നതാണ്. മാത്രമല്ല ഹദ്റത്ത് ഇബ്റാഹിം(അ), ഹദ്റത്ത് ഇസ്മാഈൽ(അ) എന്നിവരുടെ ദുആയുടെ സ്വീകാര്യത മുഖേന അല്ലാഹു ലോകത്ത് ഇറക്കിയ ആ ഉന്നത അനുഗ്രഹത്തിന്റെ അവകാശികളായി നാം മാറുകയും ചെയ്യുന്നതാണ്. ആ അനുഗ്രഹങ്ങൾ ലോകത്തെ തന്റെ വരുധിയിൽ കൊണ്ടുവന്ന് ലോകത്ത് മഹത്തായ വിപ്ലവം സംജാതമാക്കി. അതുകാരണം മൃതരായവർ ജീവിച്ചു. ആത്മീയതയുടെ ഉറവകൾ നിർഗളിക്കാൻ തുടങ്ങി.  മുമ്പാരും കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത രീതിയിൽ ആരാധനകളുടെ പുതിയ രൂപം പ്രകടമായി.  എത്രമാത്രമെന്നാൽ ഇബാദത്തുകളുടെ ഔന്നത്യം പ്രാപിച്ച ആ മഹാനായ പ്രവാചകൻ നിയോഗിതനാകുകയും ചെയ്തു. ആ മഹാത്മാവിൽ ആത്മാർത്ഥതയുടെയും കൂറിന്റെയും പൂർണ്ണത കൈവരികയുണ്ടായി. സ്രഷ്ടാവിനോടുള്ള കടമയും പരിപൂർണ്ണമായ രീതിയിൽ അവിടെ നിന്ന് നിറവേറ്റി. അങ്ങനെ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യയോഗ്യനായി. ഇതെല്ലാംതന്നെ പരിപൂർണ്ണതയിൽ എത്തിയതുകാരണം അല്ലാഹു തന്റെ പ്രവാചകൻ ഖാത്തമുൽ അമ്പിയ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിയോട് ഇങ്ങനെ പ്രഖ്യാപിക്കാൻ പറഞ്ഞു. قُلْ اِنَّ صَلَاتِيْ وَنُسُكِيْ وَمَحْيَايَ وَمَمَاتِيْ لِلّٰهِ رَبِّ الْعٰلَمِيْنَ നീ പ്രഖ്യാപിക്കുക. എന്റെ നമസ്ക്കാരവും എന്റെ ത്യാഗങ്ങളും, എന്റെ ജീവിതവും മരണവും എല്ലാം അല്ലാഹുവിനുള്ളതാണ്. അവൻ സർവ്വലോകപരിപാലകനാണ്.

അതുകൊണ്ട് അവിടുന്ന് അല്ലാഹുവിന്റെ പക്കൽ ഇബാദത്തുകളുടെയും ത്യാഗങ്ങളുടെയും ഉന്നത പദവി പ്രാപിക്കുകയുണ്ടായി. മുമ്പ് ഈ ഒരു ഔന്നത്യം ആരിലും കാണാൻ സാധിച്ചിരുന്നില്ല.  നമ്മുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്ക് കരസ്ഥമായ മിഅ്റാജായിരുന്നു ഇത്. അല്ലാഹു തആല ഈ ലോകത്തിനുവേണ്ടി ഇപ്രകാരം പ്രഖ്യാപിക്കാൻ പറഞ്ഞു. അല്ലാഹുവിന്റെ സ്നേഹം ഇനി ഈ മഹാനായ പ്രവാചകനെ പിൻപറ്റിയാൽ മാത്രമെ ലഭിക്കുകയുള്ളൂ.  അല്ലാതെ ലഭിക്കില്ല. ഈ ഒരു മാതൃകയാണ് ഇബാദത്തുകളുടെയും ത്യാഗങ്ങളുടെയും യഥാർഥ കടമ നിറവേറ്റിയത്. തിരുനബിയുടെ പരിശുദ്ധീകരിക്കുന്ന ശക്തിയിൽ നിന്ന് നേരിട്ട് ശക്തി കൈവരിച്ചവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാനുള്ള നവംനവങ്ങളായ മാർഗങ്ങൾ ആ മഹാത്മാവിന്റെ മാതൃകയിലൂടെ ചരിച്ചുകൊണ്ട് തുറക്കപ്പെട്ടുകൊണ്ടിരുന്നു. രാത്രികളിൽ ഇബാദത്തു ചെയ്യുന്നവരും പകൽ ദീനിനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നവരും ജന്മംകൊണ്ടു. ആത്മീയമായി അവർ ആദ്യം മൃതരായിരുന്നു. അവർ അത്യുന്നതമായ ആത്മീയജീവിതം കരഗതമാക്കി.

ഈ മഹാനായ പ്രവാചകനാണ് ഖിയാമത്ത് നാൾവരേക്കുമായ സർവ്വ കാലത്തേക്കും സർവ്വ സമൂഹത്തിലേക്കും വന്ന പ്രവാചകൻ.  അതുകൊണ്ട് ഈ അനുഗ്രഹം ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ ഉത്തമ മാതൃക മുമ്പ് പ്രകാശിച്ചതുപോലെ ഇന്നും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. തിരുനബി (സ)മിൽ ഇറങ്ങിയ മഹത്തായ അധ്യാപനം ഇന്നും വളരെ പ്രഭാവത്തോടെ പ്രശോഭിതമായിക്കൊണ്ടിരിക്കുകയാണ്.

ഈ മഹാനായ പ്രവാചകന് അല്ലാഹു തആല ഇക്കാലത്ത് യഥാർഥ ശിഷ്യനെ നൽകിയിരിക്കുന്നു. അദ്ദേഹത്തെ ആഖരീങ്ങളിൽ നിയോഗിച്ചുകൊണ്ട് തിരുനബി(സ)യുടെ പ്രവർത്തനങ്ങളായ അല്ലാഹുവിന്റെ ആയത്തുകളെ ഓതി കേൾപ്പിക്കൽ, വിശുദ്ധീകരിക്കൽ, ഗ്രന്ഥം പഠിപ്പിക്കലും അതിന്റെ തത്വജ്ഞാനങ്ങൾ പഠിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ വീണ്ടും തുടർന്നുകൊണ്ടിരിക്കുന്നു. ഈ യഥാർഥ ശിഷ്യനെ അംഗീകരിച്ചവർ തങ്ങളുടെ ഇബാദത്തുകളെയും തങ്ങളുടെ പ്രവർത്തനങ്ങളെയും തിരുനബി(സ) യുടെ മാതൃകയനുസരിച്ച് പിൻതുടരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ ഇസ്ലാമിക അധ്യാപനങ്ങളെ തങ്ങളിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നു.

ഇതുകണ്ട് അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും ഇപ്രകാരം പറയാൻ നിർബന്ധിതരായി. ഇസ്ലാമിന്റെ ജീവിച്ചിരിപ്പുള്ള മാതൃക ദർശിക്കേണമെങ്കിൽ ഇവരെ നോക്കുക.

നമ്മുടെ മുതിർന്നവർ സ്ഥാപിച്ച ഉത്തമ സ്ഥാനമാണിത്. അവർ ഇതുമുഖേന എതിരാളികളുടെ വായ അടപ്പിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് ഇസ്ലാമിന്റെ ജീവിത മാതൃക അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങളിൽ കാണുക എന്ന് ഏറ്റുപറയിപ്പിക്കുകയും ചെയ്തു. ഇന്നും നമ്മുടെ മുമ്പിലുള്ള വലിയ ലക്ഷ്യം ഇതാണ്. ഇത് മുമ്പിൽ വെച്ചുകൊണ്ട് ലോകത്തിന്റെ നാവിന് നാം തടയിടണം. സൽപ്രവർത്തികളിലൂടെ ലോകത്തിന് ഇസ്ലാമിന്റെ മനോഹരങ്ങളായ അധ്യാപനങ്ങളിലേക്ക് ആകൃഷ്ഠരാക്കണം.  നമ്മുടെ ഇബാദത്തുകളും നമസ്ക്കാരങ്ങളും മുഖേന നമ്മുടെ സുജൂദിന്റെ ഇടം കണ്ണീർ തടമാ

ക്കിമാറ്റി അല്ലാഹുവിന്റെ ഫള്‌ലുകളെ ആകർഷിപ്പിക്കണം. തങ്ങളോടൊപ്പം സന്താനങ്ങളെയും ഇതിന്റെ കടമകൾ നിറവേറ്റുന്നവരാക്കി മാറ്റി മസ്ജിദുമായി ബന്ധപ്പെടുത്തണം. അപ്പോൾ മാത്രമേ മസ്ജിദിന്റെ നിർമ്മാണത്തിന്റെ കടമകൾ നിറവേറ്റുന്നവരായും

رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ

എന്ന ദുആയിൽ നിന്നും അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായും കാലത്തിന്റെ ഇമാമിനെ സ്വീകരിച്ചതിന്റെ കടമകൾ നിറവേറ്റുന്നവരായും നാം മാറുകയുള്ളൂ. അങ്ങനെ അല്ലാഹുവിന്റെ പ്രിയനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) യെ പൂർണ്ണമായ രീതിയിൽ പിൻപറ്റിക്കൊണ്ട് അല്ലാഹുവിന്റെ പ്രീതിയെ കരസ്ഥമാക്കി നമ്മുടെ ദുൻയാവും ആഖിറത്തും നേടുന്നവരായി നാം മാറുന്നതാണ്.

അതുകൊണ്ട് ഈ മസ്ജിദിന്റെ നിർമ്മാണത്തോടൊപ്പം ബലഹീനരായവർ തങ്ങളുടെ മാർഗം ക്ലിപ്തപ്പെടുത്തുക. അത് നമ്മുടെ പ്രതിജ്ഞകളെ പാലിക്കുന്ന മാർഗമാണ്. തിരുനബി(സ)യോടുള്ള സ്നേഹത്തെ സത്യപ്പെടുത്തുന്ന മാർഗമാണ്. അല്ലാഹുവിന്റെ പ്രീതിയെ ആകർഷിക്കുന്ന മാർഗമാണ്. ഇതേപോലെ മസ്ജിദുകളിൽ വരുന്നവരും അതിലേക്ക് ശ്രദ്ധിക്കുന്നവരും ഈ കാര്യങ്ങളുടെ ഉന്നത സ്ഥാനങ്ങൽ കരസ്ഥമാക്കുന്നതിന്നായി തങ്ങളുടെ ഇബാദത്തുകളുടെയും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിന്റെയും ഉന്നത പദവികൾ കരസ്ഥമാക്കുക.

ഈ മസ്ജിദ് ഇവിടെയുള്ള ജമാഅത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുന്നതായിത്തീരേണ്ടതാണ്. പുരുഷന്മാർക്കുള്ള ഈ വലിയ ഹാളിൽ 760 ആളുകൾക്ക് നമസ്ക്കരിക്കാൻ സാധിക്കും. ഇതിനെ എല്ലാ നമസ്കാരത്തിലും നിറക്കാനായി ശ്രമിക്കുക. ഇതേപോലെ 560 സ്ത്രീകൾക്ക് നമസ്ക്കരിക്കാനുള്ള സ്ഥലം ഉണ്ട്. മറ്റു ഹാളുകളിൽ 630 ഉം ആളുകൾക്ക് നിൽക്കാൻ സാധിക്കും. മൊത്തം ഈ മസ്ജിദിൽ ഏകദേശം 2000 ആളുകൾക്ക് നമസ്ക്കരിക്കാൻ സാധിക്കുന്നതാണ്.

ഇവിടെ നമസ്ക്കരിക്കാൻ സാധിക്കും എന്നതിനെ നമസ്ക്കരിക്കുന്നുണ്ട് എന്നാക്കി നിങ്ങൾ മാറ്റണം. അപ്പോൾ മാത്രമേ മസ്ജിദിന്റെ നിർമ്മാണ ലക്ഷ്യവും ആരാധനയോടുള്ള കടമയും നമുക്ക് നിറവേറ്റാൻ സാധിക്കുകയുള്ളൂ. അല്ലാഹു നിങ്ങൾക്ക് ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. ജമാഅത്ത് ഉൾപ്പെടെ യൂറോപ്പിൽ ഒന്നടങ്കവും മസ്ജിദ് നിർമ്മാണത്തിൽ വലിയ ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. എന്നാൽ ഈ മസ്ജിദിന്റെ സൗന്ദര്യം നമസ്ക്കാരക്കാർ മുഖേനയാണ് പ്രകടമാകുന്നത്. 2003 ൽ മസ്ജിദ് ബൈത്തുൽ ഫുത്തൂഹ് ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. അതിനുമുമ്പുവരെ മസ്ജിദായിട്ടുള്ളത് ബൈത്തുൽ ഫള്ൽ മാത്രമായിരുന്നു. അതിനുശേഷം 14 പുതിയ പള്ളികൾ നിർമ്മിക്കാൻ അല്ലാഹു ജമാഅത്തിന് തൗഫീഖ് നൽകി. ഇവയെല്ലാം ശരിക്കും മസ്ജിദുകളാണ്. കഴിഞ്ഞ അഞ്ചെട്ടു വർഷം മുമ്പ് വരെ യൂറോപ്പിൽ 13 മസ്ജിദുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ മൊത്തം 57 മസ്ജിദുകളായിട്ടുണ്ട്. 44 പള്ളികളുടെ വർദ്ധനവാണ് യൂറോപ്പിൽ ഉണ്ടായിട്ടുള്ളത്. അതിൽ ജർമ്മനിയിലാണ് ഏറ്റവും കൂടുതലുള്ളത്. എന്നാൽ അതിന്റെയെല്ലാം സൗന്ദര്യം അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടതല്ല. അതിൽ വരുന്ന നമസ്ക്കാരക്കാർ മുഖേനയാണ്.

അതുകൊണ്ട് യൂറോപ്യൻ നാട്ടിലുള്ള അഹ്മദികളോട് ഇന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മൾ അഭിമാനംകൊള്ളേണ്ടത് മസ്ജിദ് നിർമ്മിച്ചു എന്നതിലല്ല. ഇതിനെക്കുറിച്ച് തിരുനബി(സ) നേരത്തെ പ്രവചിച്ചിട്ടുള്ളതാണ്. ഒരുകാലം വരും. അന്ന് മസ്ജിദുകൾ നിർമ്മിക്കുന്ന കാര്യത്തിൽ ജനങ്ങൾ അഭിമാനം കൊള്ളും. എന്നാൽ ഈ അഭിമാനം കൊള്ളുന്ന ജോലി തിരുനബി(സ)യുടെ പ്രിയപ്രേമിയുമായി തങ്ങളെ ബന്ധപ്പെടുത്തുന്നവരുടെ പ്രവർത്തിയല്ല. മറ്റുള്ളവർ അഭിമാനിച്ചുകൊള്ളട്ടെ. നാം അഭിമാനം കൊള്ളുന്നത് നമ്മുടെ പള്ളികളുടെ ഹാജർ നില വളരെ വർദ്ധിച്ച് ആ മസ്ജിദുകൾ നമുക്കായി ചെറുതാകുമ്പോഴാണ്. അല്ലാഹു നമുക്ക് ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഞാൻ ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുമായി നേരിട്ട് ബന്ധപ്പെട്ടവരിലുണ്ടായിരുന്ന ആരാധനയോടുള്ള താൽപര്യത്തിന്റെയും അവരുടെ നിലവാരത്തിന്റെയും ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ഇവ രിവായത്ത് റജിസ്റ്ററിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

നമസ്ക്കാരത്തിൽ മുഴുകുന്നതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധിക്കുക. അബ്ദുൽ ഗഫ്ഫാർ സാഹിബ് ഡസ്ക്കിവിയുടെ മകൻ ഹദ്റത്ത് ജാൻ മുഹമ്മദ് സാഹിബ്(റ) വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് മഗ്‌രിബ് നമസ്ക്കാരം മസ്ജിദ് മുബാറക്കിന്റെ ടറസിൽ നിരവ്വഹിക്കുകയായിരുന്നു. അപ്പോൾ മസ്ജിദ് മുബാറക്കിന്റെ മിഅ്റാബിന്റെ പടിഞ്ഞാറുവശത്ത് നിസാമുദ്ദീൻ സാഹിബിന്റെ വീടിന്റെ മുറ്റത്ത് എട്ടൊമ്പത് ആളുകൾ ഹുക്ക വലിക്കുവാനുള്ള സദസ്സ് സംഘടിപ്പിച്ചിരിക്കുകയുണ്ടായി. ഇവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ബന്ധുക്കളാണെങ്കിലും കഠിന എതിരാളികളായിരുന്നു. മതത്തോട് വെറുപ്പായിരുന്നു. അല്ലാഹുവിനെപോലും നിഷേധിക്കുന്നവരാണ്. അവരുടെ ആ സദസ്സിൽ മദ്യവും ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ നമസ്ക്കരിക്കാൻ തുടങ്ങി അല്ലാഹു അക്ബർ എന്ന് ചൊല്ലിയപ്പോൾ തന്നെ അവർ അവിടെനിന്ന് ചെണ്ട കൊട്ടാൻ തുടങ്ങി. ഗായകർ പാട്ടുപാടാനും തുടങ്ങി. നമസ്ക്കാരക്കാരെ ശല്ല്യപ്പെടുത്താനാണ് ഇത് ചെയ്തത്. എന്നാൽ ഞങ്ങൾ നമസ്ക്കാരത്തിൽ പൂർണ്ണമായും ലയിച്ചിരുന്നു. അവിടെ എന്താണ് നടക്കുന്നത് എന്ന കാര്യത്തിലേക്ക് ശ്രദ്ധയെ പോയിരുന്നില്ല അവർ വാദ്യമേളങ്ങൾ നടത്തിയെങ്കിലും ഞങ്ങളുടെ ശ്രദ്ധയെ തിരിക്കാൻ അവർക്ക് സാധിച്ചില്ല.

ഹദ്റത്ത് ഹക്കിം അലി സാഹിബ് (റ) ബൈഅത്തിന് ശേഷമുള്ള മാറ്റങ്ങളെ വിവരിച്ച് കൊണ്ട് പറയുന്നു. ഇതിന് ശേഷം സ്നേഹത്തിൽ വളരെയേറെ വർദ്ധനവുണ്ടായി. എല്ലാ മാസവും ഞാൻ ഹുസൂറിന്റെ സമക്ഷം ഹാജരാകുമായിരുന്നു. എന്റെ വീട്ടിന്റെ അടുത്ത് ഒരു കൊച്ചു പള്ളി നിർമ്മിച്ചു. തഹജ്ജുദ് നമസ്ക്കാരത്തിന് ആ മസ്ജിദിൽ പോകുന്നതാണ്. ഇശാഅ് നമസ്ക്കരിച്ചാണ് മസ്ജിദിൽ നിന്ന് തിരിച്ചുവരുന്നത്. 20,22 മണിക്കൂർ ഞാൻ പള്ളിയിൽ കഴിച്ചുകൂട്ടുമായിരുന്നു. നോമ്പെടുക്കും. ഒരുനേരം ഭക്ഷണം കഴിക്കും. എന്നാലും വിശപ്പോ ദാഹമോ ഒന്നും ഇല്ലായിരുന്നു. വിശുദ്ധഖുർആൻ പാരായണത്തിലും നമസ്ക്കാരത്തിലും ദുആയിലും ഞാൻ ഈ സമയങ്ങൾ കഴിച്ചുകൂട്ടി. വളരെ സന്തോഷവാനായിരുന്നു ഞാൻ. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഞാൻ ദുആ ചെയ്യുകയും അതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്താൽ ഉടനെ അതിനുള്ള മറുപടി ലഭിക്കുന്ന അവസ്ഥ വരെ എത്തി. ഇതുകാരണം അല്ലാഹുവിനോടും തിരുനബി(സ)യോടും വിശുദ്ധ ഖുർആനോടുമുള്ള സ്നേഹം എനിക്ക്

വളരെയധികം വർദ്ധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) മിൽ എനിക്ക് ആർക്കും ഇളക്കാൻ കഴിയാത്ത സുദൃഢമായ വിശ്വാസം കൈവന്നു.

ഇവിടെ പലരും വന്നിട്ടുണ്ട്. മുതിർന്നവരുണ്ട്. അവർക്ക് ഇപ്പോൾ വേറെ ജോലിയൊന്നുമില്ല. സമയം പാഴാക്കാതെ അവർ തങ്ങളുടെ ഇബാദത്തുകളിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ഒരു നില വാരമാണ് നാം കരസ്ഥമാക്കേണ്ടത്. ഇവയെല്ലാം നമുക്ക് മാതൃകയാണ്.

പീർ മഹ്മൂദ് ഹസൻ സാഹിബ് (റ) വിവരിക്കുന്നു. മസ്ജിദ് മുബാറക്കിൽ ആദ്യകാലത്ത് മൂന്ന് ഭാഗങ്ങളാണുണ്ടായിരുന്നത്. ചെറിയ മസ്ജിദായിരുന്നു. ഒരു ഭാഗത്ത് രണ്ട് സഫ്ഫുകൾ ഉണ്ടാകും. ഒരു സഫ്ഫിൽ ആറുപേർക്ക് നിൽകാൻ സാധിച്ചിരുന്നു. മസ്ജിദിന് പുറത്ത് വലതുവശത്ത് ചെറിയ ഒരു മുറ്റമുണ്ടായിരുന്നു. അത് ഇപ്പോൾ ഉമ്മുൽ മുഅ്മിനീൻ(റ)ന്റെ താമസസ്ഥലമാണ്. ഇതിൽ മലക്ക് ഗുലാം ഹുസൈൻ സാഹിബ്, മുഹമ്മദ് അക്ബർ സാഹിബ് എന്നിവർ റൊട്ടിയും കറിയും പിടിച്ചിരിക്കുമായിരുന്നു. എനിക്ക് മലക്ക് സാഹിബ് ചെറിയ ഒരു പ്ലേറ്റിൽ ചോറും കറിയും റൊട്ടിയും തന്നു. ഞാൻ കുറച്ചു കഴിച്ചതെ ഉണ്ടായിരുന്നുള്ളൂ. മൗലവി അബ്ദുൽ കരീം സാഹിബ് നമസ്ക്കാരം തുടങ്ങി. ഞാൻ ഭക്ഷണം ഉപേക്ഷിച്ച് മസ്ജിദിലേക്ക് പോകാൻ ഒരുങ്ങി. ഭക്ഷണം നൽകുന്ന ആൾ പറഞ്ഞു. ഭക്ഷണം കഴിക്കുക. നമസ്ക്കാരം പിന്നീട് അനുഷ്ഠിച്ചാൽ മതി. എന്നിട്ടു പറഞ്ഞു. ഇനി നാളെ ഉച്ചക്കെ ഭക്ഷണം ലഭിക്കുകയുള്ളൂ. ഞാൻ പറഞ്ഞു. ഞാനിവിടെ വന്നത് ഭക്ഷണം കഴിക്കാനല്ല. നമസ്ക്കാരമാണ് യഥാർഥത്തിലുള്ളത്. അതിനെ ഉപേക്ഷിക്കാൻ പറ്റില്ല. ഇതും പറഞ്ഞ് നമസ്ക്കാരത്തിൽ പങ്കുചേർന്നു.

ഹക്കീം ഫള്ലുറ്റഹ്മാൻ സാഹിബ് തന്റെ പിതാവ് നബി ബക്ശ് സാഹിബിനെക്കുറിച്ച് പറയുന്നു. അദ്ദേഹത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ഒരു പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഭവങ്ങളെക്കുറിച്ച് പറയാൻ അപേക്ഷിച്ചാൽ പറയാറുള്ളത് എന്റെ ഓർമ്മശക്തി അത്ര നന്നല്ല. ഹുസൂറിനെക്കുറിച്ച് പറയുന്ന വല്ല കാര്യവും തെറ്റിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

അദ്ദേഹം വില്ലേജ് രജിസ്ട്രാർ ആയിരുന്നു. പരിശോധന നാളുകളിൽ ദിവസം മുഴുവനും അതിൽ വിനിയോഗിക്കേണ്ടി വന്നിരുന്നു. അത്യുഷ്ണകാലത്ത് പോലും പരിശോധനക്ക് പോകേണ്ടതായിവന്നിരുന്നു. ഇതുകാരണം എന്തുമാത്രം ക്ഷീണം ഉണ്ടാകും എന്ന് ഊഹിക്കാവുന്നതെയുള്ളൂ. എന്നാൽ തഹജ്ജുദിനുവേണ്ടി രാത്രി നിർബന്ധമായും എഴുന്നേൽക്കും. ഞങ്ങളോടും നിർബന്ധിക്കും. റമദാനിൽ കുട്ടികളെയും നിർബന്ധിക്കും. റമദാനിൽ അത്യുഷ്ണകാലത്തും നോമ്പ് കൃത്യമായി അനുഷ്ഠിച്ചിരുന്നു. തണുപ്പ് കാലത്ത് തഹജ്ജുദ് നമസ്ക്കാരത്തിൽ ഖുർആൻ ഉറക്കെ ഓതുകയും കുട്ടികളെ കൂടെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഖുർആന്റെ ഹാഫിസാണ്.

നമസ്ക്കാരം, നോമ്പ് കാര്യങ്ങളിൽ എപ്പോഴും ഞങ്ങളെ ഉപദേശിക്കും. അത് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്തിരുന്നു. അലസത കാണിച്ചാൽ ദേഷ്യപ്പെടും. വിശുദ്ധഖുർആൻ സ്വന്തം പഠിപ്പിച്ചു. പകൽ തന്റെ ജോലിത്തിരക്കുകാരണം സമയം കിട്ടാതെ വന്നാൽ രാത്രിയിൽ പഠിപ്പിക്കും.(മാതാപിതാക്കൾക്കുള്ള മാതൃകയാണിത്). കുട്ടികളെ തർബ്ബിയ്യത്ത് ചെയ്യുന്ന കാര്യത്തിൽ ഈ മാതൃക നാം മുമ്പിൽ വെക്കേണ്ടതാണ്. മാതാപിതാക്കളുടെ ആരാധന ഇവ്വിധമാകുമ്പോൾ കുട്ടികൾ അതിനെ മാതൃകയാക്കുന്നതാണ്.

ദീനിൽ നിന്നും അകലുന്ന ഈ നാടുകളിൽ നമ്മുടെ കുട്ടികളിലും അത് സ്വാധീനിക്കുന്നു. അതുകൊണ്ട് ഈ നാടുകൾ ഇക്കാര്യത്തിൽ വളരെകൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദീനിൽ സ്വയം നില നിൽക്കുന്നതോടൊപ്പം നമ്മുടെ പദവിയും ഉയർത്തേണ്ടതാണ്. ഇതു കൂടാതെ കുട്ടികളെ നോക്കുകയും അവർക്ക് തർബ്ബിയ്യത്ത് നൽകുകയും ചെയ്യേണ്ടതാണ്.

അർദ്ധരാത്രി വരെ മുതിർന്നവർ ടി.വി. കണ്ടുകൊണ്ടിരുന്നാൽ, ഇന്റെർനെറ്റിനുമുമ്പിൽ കുത്തിയിരുന്നാൽ, കുട്ടികളെ എന്ത് തർബ്ബിയ്യത്താണ് നമുക്ക് ചെയ്യാൻ കഴിയുക. ഇതു സംബന്ധമായ പല പരാതികളും വരുന്നുണ്ട്.

അതുകൊണ്ട് ഈ നാടുകളിൽ താമസിക്കുന്ന അഹ്മദികൾക്ക് പ്രത്യേകമായും ലോകത്തുള്ള അഹ്മദികൾക്ക് പൊതുവായുള്ള ഒരു വെല്ലുവിളിയാണിത്. കാരണം ശൈത്വാൻ ഇക്കാലത്ത് തന്റെ കുത്സിതശ്രമങ്ങളിൽ വളരെയധികം മുന്നിട്ടിറങ്ങിയിരിക്കുകയാണ്. അതിനെ നമുക്ക് നേരിടേണ്ടിയിരിക്കുന്നു. ഇത് അല്ലാഹുവിന്റെ സഹായമില്ലാതെ സാധ്യമല്ല. അല്ലാഹുവിന്റെ സഹായം ആരാധനയിലൂടെയാണ് കരസ്ഥമാക്കുക.

ശൈഖ് നൂറുദ്ദീൻ സാഹിബ് ബൈഅത്തിന് ശേഷമുള്ള അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു: കുറച്ചുകാലത്തിന് ശേഷം ഞാൻ അമൃത്സറിൽ വന്നു. അവിടെ ജോലികാരണം അലസത പിടിപെട്ടു. ദീനീ അവസ്ഥ നല്ലതായി തോന്നിയില്ല. ഉഷ്ണകാലമായിരുന്നു. ഉച്ച സമയം. ഉറങ്ങുകയായിരുന്നു ഞാൻ. എന്റെ അവസാന നിമിഷമാണെന്ന് എനിക്ക് തോന്നി. സ്വപ്നത്തിൽ കാണുകയാണ്. ഞാൻ ജനങ്ങൾ സംസാരിക്കുന്നത് കേൾക്കുന്നു. എന്നാൽ മറുപടി ഒന്നും പറയാൻ കഴിയുന്നില്ല. എന്നെ കുളിപ്പിച്ചു. കഫൻ ധരിപ്പിച്ചു. അങ്ങനെ എന്നെ മറവു ചെയ്തു. മണ്ണിട്ടു. എന്നെ മറവ് ചെയ്തു ജനങ്ങൾ തിരിച്ചുപോയപ്പോൾ കബർ ഇരുവശത്തുനിന്നും എന്നെ ഞെരുക്കിക്കളഞ്ഞു. അത് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ എന്റെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നിൽക്കുന്നു. എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു. നിങ്ങൾ എന്നോട് ഇതാണോ വാഗ്ദാനം ചെയ്തിരുന്നത്.

ഒരു വശത്ത് ഞാൻ വളരെ പ്രയാസം അനുഭവിക്കുകയായിരുന്നു. മറുഭാഗത്ത് ഹദ്റത്ത് സാഹിബിന്റെ വാക്കുകൾ. ഞാൻ കുറേ കരഞ്ഞു. ഞാൻ പറഞ്ഞു. ഹുസൂർ ഞാൻ മറന്നുപോയതായിരുന്നു. എന്നോട് ക്ഷമിച്ചാലും. ഇനി ഞാൻ ഒരിക്കലും ഇതിൽ കുറവ് വരുത്തുന്നതല്ല. ഹദ്റത്ത് സാഹിബ് പോയി. അപ്പോൾ എന്റെ കണ്ണ് തുറന്നു. ആ സമയത്ത് ഞാൻ ഭയവിഹ്വലനും വളരെ പ്രയാസത്തിലുമായിരുന്നു. അത് വിവരിക്കാൻ കഴിയില്ല. കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. പേടിച്ച് വിറക്കുകയായിരുന്നു. ഉടനെ ഖിബ്ലക്ക് നേരെ തിരിഞ്ഞ് നമസ്ക്കരിക്കാൻ തുടങ്ങി. ഒരു കാലം വരെ ഈ സംഭവം എന്നെ വല്ലാതെ വേദനിപ്പിച്ചു. വേദനയും പ്രയാസവും ഉണ്ടായിരുന്നു.

അക്കാലത്ത് വല്ലവരിലും അലസത ഉണ്ടായിരുന്നെങ്കിൽ തന്നെ അല്ലാഹു അവരോട് കരുണ ചെയ്തുകൊണ്ട് ഈ രീതിയിൽ അവരെ ഉയർത്തുകയുണ്ടായി. ഇതും അല്ലാഹുവിന്റെ ഒരു സ്നേഹപ്രകടനമാണ്.

സ്ത്രീകൾക്ക് ഒരു മാതൃകയുണ്ട്. ചില സന്ദർഭങ്ങളിൽ വിവിധ

ഒഴിവുകഴിവുകൾ പറഞ്ഞ് നമസ്ക്കാരം കൃത്യ സമയത്ത് നമസ്ക്കരിക്കാറില്ല. ചില സ്ത്രീകൾ ഇങ്ങനെയുള്ളവരാണെങ്കിലും മറ്റു ചിലർ പുരുഷന്മാരേക്കാളും നമസ്കാരകാര്യത്തിൽ ശ്രദ്ധിക്കുന്നവരാണ്.

ഹദ്റത്ത് മായീ കാക്കൂ സാഹിബ(റ) വിവരിക്കുന്നു. ഒരിക്കൽ കുറച്ച് സ്ത്രീകൾ സിക്കുവാനിൽ നിന്നും ഹുസൂറിനെ കാണാൻ വന്നു. മൗലവി ഖമറുദ്ദീൻ സാഹിബിന്റെ ഉമ്മ എന്നോട് പറഞ്ഞു. ഞങ്ങൾക്ക് നിത്യവും ജോലികാരണം മഗ്രിബ് നമസ്ക്കാരം ഇശായോടൊപ്പം നമസ്ക്കരിക്കേണ്ടതായി വരുന്നു. എന്തുചെയ്യും. ഹദ്റത്ത് സാഹിബിനോട് ഫത്വ ചോദിച്ചാലും. ഞാൻ ഹുസൂറിനോട് പറഞ്ഞു. ഹുസൂർ കുട്ടികൾ കാരണം സ്ത്രീകൾക്ക് മഗ്രിബ് നമസ്ക്കാരം താമസിച്ചുപോകുന്നു. എന്ത് ചെയ്യണം. പറഞ്ഞു. ശരിക്കും ശ്രമിച്ചാൽ താമസിക്കുന്ന പ്രശ്നമുള്ളതായി എനിക്ക് തോന്നുന്നില്ല. ഇനി വല്ല നിർബന്ധ സാഹചര്യവും വന്നാൽ സ്ത്രീകൾ ഇശാ നമസ്ക്കാരം മഗ്രിബിനോടൊപ്പം ജംആക്കുകയാണ് വേണ്ടത്. കാരണം സുബഹിക്ക് മലക്കുകൾ ഇറങ്ങുന്നതുപോലെ മഗ്രിബിന്റെ സമയത്തും ഇറങ്ങുന്നുണ്ട്. മഗ്രിബ്, ഇശാ നമസ്ക്കാരങ്ങൾ ജംആക്കി നമസ്ക്കരിക്കേണ്ടതായി വന്നാൽ മഗ്രിബിന്റെ സമയത്ത് ജംആക്കുന്നതാണ് ഉത്തമം. മായി സാഹിബ ഇതിനുശേഷം പറയുന്നു. ഞങ്ങൾ മഗ്രിബിനു മുമ്പേ ഭക്ഷണം പാകം ചെയ്ത് കുട്ടികൾക്ക് കൊടുക്കും. എന്നിട്ട് മഗ്രിബ് നമസ്ക്കാരം പ്രതീക്ഷിച്ചിരിക്കും.

ഇതാണ് അവരുട മാതൃക. ജംആക്കാനല്ല അവർ ശ്രമിച്ചത്. നമസ്ക്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാൻ ഏതു മാർഗമാണ് അവലംബിക്കാൻ സാധിക്കുക അതവർ സ്വീകരിച്ചു.

അതുകൊണ്ട് ഉമ്മമാരും കുട്ടികൾക്ക് മാതൃകയായിത്തീരുക. ഇക്കാര്യത്തിലേക്ക് അവർ ശ്രദ്ധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

സർവ്വശക്തനും അന്യൂനനുമായ അല്ലാഹുവിനെയാണ് ഇസ്ലാം സമർപ്പിച്ചിരിക്കുന്നത്. അവനോട് നമുക്ക് ദുആ ചെയ്യാവുന്നതാണ്. വലിയ വലിയ പ്രതീക്ഷകൾ അവനിൽ നിന്നും പൂർത്തിയാക്കാൻ സാധിക്കും. അതുകൊണ്ടാണ് അവൻ സൂറ ഫാത്തിഹായിൽ ദുആ പഠിപ്പിച്ചത്. നിങ്ങൾ എന്നോട് ചോദിക്കുക.

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ

ഇലാഹി! നിന്റെ വലിയ വലിയ ഫള്ലുകളും അനുഗ്രഹങ്ങളും ഇറക്കപ്പെട്ടവരുടെ മാർഗം നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ. ഈ ദുആ നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത് ഞങ്ങൾ വിശ്വസിച്ചു എന്ന് മാത്രം പറഞ്ഞ് ഇരിക്കാതെ നിങ്ങൾ പ്രവർത്തനനിരതരാകുക. അല്ലാഹുവിന്റെ സമീപസ്ഥരാകാൻ കരസ്ഥമാക്കിയ അനുഗ്രഹങ്ങൾക്കായി നിങ്ങളും പരിശ്രമിക്കുക.

പറയുന്നു: ആരാണോ യഥാർഥ ആവേശത്തോടും സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിലേക്ക് പ്രയാണം ചെയ്യുന്നത് അവർ ഒരിക്കലും പാഴായിപ്പോകുന്നതല്ല. അല്ലാഹുവിന്റേതായിത്തീരുന്നവർക്ക് അല്ലാഹു അവരുടേതായിത്തീരുന്നു എന്നത് തികച്ചും സത്യമാണ്. അവരിൽ വളരെയധികം അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്നു. ഏതുവരെയെന്നാൽ അവരുടെ വസ്ത്രത്തിൽ നിന്നുപോലും ജനങ്ങൾ അനുഗ്രഹം തേടുന്നതാണ്.

അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്ന اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ എന്ന ദുആ നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ പര്യവസാനം എന്തായി എന്ന് നിങ്ങൾ കണ്ണ് തുറന്ന് നോക്കുന്നതിനുവേണ്ടിയാണ്.

മനുഷ്യൻ ഒരു ജോലി ചെയ്ത് അതിൽ ഒരാൾക്ക് ഒരു നേട്ടവും ലഭിച്ചിട്ടില്ലെങ്കിൽ അവൻ തന്റെ പ്രവർത്തനത്തെ ഒരു ആത്മപരിശോധനക്ക് വിധേയമാക്കേണ്ടതാണ്. എന്തുകൊണ്ട് നേട്ടം ലഭിച്ചില്ല എന്ന് പരിശോധിക്കണം.

പറയുന്നു. ഇബാദത്തിന്റെ തത്വങ്ങളുടെ രത്നച്ചുരുക്കം ഇതാണ്. അല്ലാഹുവിനെ കാണുന്നുണ്ട് എന്ന നിലയിൽ തന്നെ നമസ്കാരത്തിൽ നിൽക്കുക. ചുരുങ്ങിയ പക്ഷം അല്ലാഹു തന്നെ കാണുന്നുണ്ടെന്ന് കരുതുക. എല്ലാവിധ മാലിന്യങ്ങളിൽ നിന്നും ശിർക്കിൽ നിന്നും പരിശുദ്ധരായിത്തീരുക. അവന്റെ മഹത്വവും രക്ഷാകർതൃത്വവും മാത്രം മനസ്സിൽ കൊണ്ടുവരിക. തിരുനബി (സ) യുടെ പ്രാർഥനകളും മറ്റു ദുആകളും കൂടുതലായി ചൊല്ലുക. തൗബയും ഇസ്തിഗ്ഫാറും കൂടുതലായി ചെയ്യുക. തന്റെ ബലഹീനതയെ വീണ്ടും വീണ്ടും മുമ്പിൽ കൊണ്ടുവരിക. അങ്ങനെ ആത്മവിശുദ്ധി കൈവരിക്കുന്നതാണ്. അല്ലാഹുവുമായി സുദൃഢബന്ധം സ്ഥാപിക്കപ്പെടുന്നതാണ്. അവന്റെ സ്നേഹത്തിൽ മുഴുകണം. ഇതാണ് നമസ്ക്കാരത്തിന്റെ രത്നച്ചുരുക്കം. ഇതെല്ലാംതന്നെ സൂറ ഫാത്തിഹായിൽ വരുന്നുണ്ട്.

اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ എന്നതിൽ മനുഷ്യൻ തന്റെ ബലഹീനതയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. സഹായത്തിനായി അല്ലാഹുവിനോട് അപേക്ഷിച്ചിരിക്കുകയാണ്. അല്ലാഹുവിനോട് തന്നെ സഹായം തേടിയിരിക്കുകയാണ്. അതിനുശേഷം നബിമാരും റസൂൽമാരും മുഖേന ഈ ലോകത്ത് പ്രകടമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനായി ദുആ ചെയ്യുന്നു. അവരുടെ മാർഗം പിൻപറ്റിയാൽ അത് ലഭിക്കുന്നതാണ്.

തുടർന്ന് ദുആ ചെയ്യുന്നത് അല്ലാഹുവേ നിന്റെ പ്രവാചകന്മാരെയും റസൂൽമാരെയും നിഷേധിച്ചവരുടെ മാർഗത്തിൽ നിന്നും നീ ഞങ്ങളെ രക്ഷപ്പെടുത്തേണമേ. അവർ അഹങ്കാരത്തോടും ദുഷ്ടലാക്കോടുംകൂടി പ്രവർത്തിച്ചു. അതുകാരണം ഈ ലോകത്തുവെച്ചുതന്നെ ദൈവകോപം അവരിൽ ഇറങ്ങി. ചിലർ ഈ ലോകം തന്നെയാണ് തങ്ങളുടെ പരമമായ ലക്ഷ്യമായി മനസ്സിലാക്കിയത്. അവർ സന്മാർഗം ഉപേക്ഷിക്കുകയും ചെയ്തു. അവരിൽ നിന്നും രക്ഷപ്പെടുത്തേണമേ.

നമസ്ക്കാരത്തിന്റ യഥാർഥ സ്ഥാനം ദുആ തന്നെയാണ്. ആത്മാർത്ഥത ഉണ്ടായിത്തീരാനും അല്ലാഹുവിനോട് പൂർണ്ണ സ്നേഹം ഉണ്ടായിത്തീരാനും, നാശം വിതക്കുകയും പ്രവർത്തനങ്ങളെ ഫലശൂന്യമാക്കുകയും ചെയ്യുന്ന പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനും അതിനോട് വെറുപ്പ് ഉണ്ടായിത്തീരാനും റൂഹുൽ ഖുദുസ്സിന്റെ സഹായം ലഭിക്കാനുമായി ദുആ ചെയ്യേണ്ടതാണ്.

ഭൗതികമായ ഈ സ്ഥാനമാനങ്ങളേക്കാളും, ധനത്തെക്കാളും സമ്പത്തിനേക്കാളും, പേരും പ്രശസ്തിയേക്കാളും അല്ലാഹു ശ്രേഷ്ഠമായിരിക്കണം. അവനായിരിക്കണം ഏറ്റവും പ്രിയപ്പെട്ടത്. അവനല്ലാതെ മറ്റു കഥകളെ പിൻപറ്റാതിരിക്കുക, അവയെക്കുറിച്ച് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഒരു പരാമർശവും ഇല്ല താനും. അവയെല്ലാം വ്യാജമാണ്.

നമസ്ക്കാരം യഥാർഥത്തിൽ ഒരു ദുആയാണ്. നമുക്ക് പഠിപ്പിച്ചുതന്ന രീതിയിൽ അത് ചോദിക്കുന്നു. ചിലപ്പോൾ നിൽക്കേണ്ടി വരുന്നു. ചിലപ്പോൾ കുമ്പിടുകയും സുജൂദ് ചെയ്യുകയും എല്ലാം ചെയ്യേണ്ടി വരുന്നു. എന്നാൽ അതിന്റെ പൊരുളറിയാത്തവർ അവർ തൊലിയെയാണ് പിടിക്കുന്നത്.

പറയുന്നു. ചിലർ പള്ളികളിൽ പോകുന്നുണ്ട്. നമസ്ക്കരിക്കാറുമുണ്ട്. മറ്റ് ഇസ്‌ലാമിക കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. എന്നാൽ അല്ലാഹുവിന്റെ സഹായം അവരോടൊപ്പമില്ല. അവരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും ഒരു മാറ്റവും കാണുന്നുമില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് അവരുടെ ഇബാദത്തുകൾ വെറും പ്രകടനാത്മകമാണ്. ഒരു യഥാർഥ്യവും അതിൽ അടങ്ങിയിട്ടില്ല.

ദൈവകൽപനകൾ നടപ്പിൽ വരുത്തുക എന്നത് ഒരു വിത്ത് വിതക്കുന്നതുപോലെയാണ്. അതിന്റെ സ്വാധീനം ആത്മാവിൽ ഉണ്ടാകുന്നു. കൃഷിയിടം നനക്കുകയും കഠിനാധ്വാനത്തോടെ അതിൽ വിത്ത് വിതക്കുകയും ചെയ്ത് ഒന്നുരണ്ട് മാസം കഴിഞ്ഞിട്ടും മുള വന്നില്ലെങ്കിൽ ആ വിത്ത് മോശമാണ് എന്ന് ധരിക്കേണ്ടിയിരിക്കുന്നു. ഇബാദത്തിന്റെ അവസ്ഥയും ഇതുതന്നെ. ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുകയും നമസ്ക്കരിക്കുകയും നോമ്പെടുക്കുകയും കഴിവിന്റെ പരമാവധി ദൈവകൽപനകൾ പാലിക്കുകയും ചെയ്യുകയും എന്നിട്ടും അല്ലാഹുവിന്റെ പക്കൽ നിന്ന് പ്രത്യേകമായ ഒരു സഹായവും അവന് ലഭിക്കുന്നില്ലെങ്കിൽ, അവൻ വിതക്കുന്ന വിത്ത് മോശമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ നമസ്ക്കാരം അനുഷ്ഠിച്ചുകൊണ്ടാണ് പലരും ഖുത്‌ബും അബ്ദാലും ആയിട്ടുള്ളത്. എന്നാൽ നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ ഇതനുഷ്ഠിച്ചിട്ടും ഒരു ഗുണവും നിങ്ങളിൽ ഉണ്ടാകുന്നില്ല. ഏതെങ്കിലും മരുന്ന് കുറേ ഉപയോഗിച്ചിട്ടും ഒരു ഗുണവും അതുകൊണ്ടില്ലെങ്കിൽ ആ മരുന്ന് ശരിയല്ല എന്ന് സമ്മതിച്ചേ മതിയാകൂ. ഈ അവസ്ഥ തന്നെയാണ് നമസ്ക്കാരത്തിന്റെതും.

ഈ സന്ദേശം മനസ്സിലാക്കുന്നവരാക്കി അല്ലാഹു നമ്മെ മാറ്റട്ടെ. ഇതനുസരിച്ച് തങ്ങളുടെ ജീവിതം നയിക്കുന്നവരായി മാറട്ടെ. അല്ലാഹു നമുക്ക് യഥാർത്ഥ രീതിയിലുള്ള ഇബാദത്ത് ചെയ്യാൻ തൗഫീഖ് നൽകട്ടെ. അവന്റെ പ്രീതി കരസ്ഥമാക്കുന്നവരാക്കി നമ്മെ മാറ്റട്ടെ.

## PRINTED BOOKS

To

From
Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 April 27 at : Bait ul Amaan,Manchester, UK
Translation: M.Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef,Kozhikode
Printed at: Digital Image Calicut.
Published by: Majlis Khuddamul Ahmadiyya, North Kerala